വാർത്താക്കുറിപ്പ്
2026 ഒക്ടോബർ 31

പ്രൊഫ. (ഡോ.) വി.ഡി. സെബാസ്റ്റ്യൻ അന്തരിച്ചു

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ സ്ഥാപക ഡയറക്ടറും നിയമവിദ്യാഭ്യാസ രംഗത്തെ പ്രമുഖനുമായിരുന്ന പ്രൊഫ. (ഡോ.) വി.ഡി. സെബാസ്റ്റ്യൻ അന്തരിച്ചു.

1989ൽ സ്ഥാപിതമായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ സ്ഥാപക ഡയറക്ടർ ആയിരുന്നു. നിയമവിദ്യാഭ്യാസ രംഗത്തെ മികവുറ്റ സ്ഥാപനമായി സ്കൂളിനെ ഉയർത്തിക്കൊണ്ടുവരുന്നതിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും അക്കാദമിക നേതൃത്വവും നിർണായകമായി. മൂന്നുവർഷ എൽ.എൽ.ബി., ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്), എൽ.എൽ.എം., പി.എച്ച്.ഡി. പ്രോഗ്രാമുകളുടെ രൂപീകരണത്തിലും ജേണൽ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് പ്രസിദ്ധീകരണത്തിലും അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. മൂന്ന് പതിറ്റാണ്ടിലേറെ സ്ഥാപനത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളിൽ സജീവമായിരുന്ന അദ്ദേഹം 2024വരെ ജേണലിന്റെ എഡിറ്റോറിയൽ ഉപദേശക സമിതി അംഗമായും പ്രവർത്തിച്ചു.

ഡോ. സെബാസ്റ്റ്യന്റെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവുത ദുഖം രേഖപ്പെടുത്തി. നിയമവിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതിയുടെയും അക്കാദമിക മികവിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സർവകലാശാലയുടെ അക്കാദമിക ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടുമെന്ന് വൈസ് ചാൻസലർ അനുസ്മരിച്ചു.

സംസ്കാരശുശ്രൂഷ ഞായറാഴ്ച പകൽ 10.15ന് കലൂരുള്ള ഭവനത്തിൽ. സംസ്കാരം കാരണക്കോടം സെന്റ് ജൂഡ് സീറോ മലബാർ പള്ളി സെമിത്തേരിയിൽ.

ഭാര്യ: ഡോ. റോസലിൻ സെബാസ്റ്റ്യൻ. മക്കൾ: ഡോ. മഞ്ജു എലിസബത്ത് സെബാസ്റ്റ്യൻ, ഡോ. സെബാസ്റ്റ്യൻ വലിയവീട്ടിൽ. മരുമക്കൾ: ഡോ. ജോർജ്ജ് സ്കറിയ ചക്കാലക്കൽ, ഡോ. വനേസ ജോൺ ടി.

Photo attached

പി.ആർ.ഒ/971/2026

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്ദു സി. വി.ക്ക് സംസ്ഥാന ഭരണഭാഷാ സേവനപുരസ്കാരം

സംസ്ഥാന സർക്കാരിന്റെ ഭരണഭാഷാ സേവനപുരസ്കാരത്തിന് മഹാത്മാഗാന്ധി സർവകലാശാലയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ഇന്ദു സി.വി. അർഹയായി. ഗ്രൂപ്പ് സി വിഭാഗത്തിൽ രണ്ടാം സ്ഥാനമാണ് ഇന്ദുവിന് ലഭിച്ചത്. പന്തളം കുരമ്പാല സ്വദേശിനിയാണ്.

ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനും ഔദ്യോഗികതലത്തിൽ മലയാളത്തിന്റെ പ്രചാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. വകുപ്പ് നടത്തിയ എഴുത്തുപരീക്ഷയിലും അഭിമുഖത്തിലും പ്രകടിപ്പിച്ച മികവിന്റെ അടിസ്ഥാനത്തിലാണ് ഇന്ദുവിനെ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്.

നവംബർ ഒന്നിന് വൈകിട്ട് നാലിന് തിരുവനന്തപുരത്തെ കനകക്കുന്നിൽ നടക്കുന്ന 70-ാമത് കേരളപ്പിറവി ദിനാഘോഷച്ചടങ്ങിൽ മുഖ്യമന്ത്രി പുരസ്കാരം സമ്മാനിക്കും. പതിനായിരം രൂപയും ഫലകവും സത്സേവനരേഖയുമടങ്ങുന്നതാണ് പുരസ്കാരം.

Photo attached

പി.ആർ.ഒ/972/2026

പുതുപ്പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പും ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ (ഐയുസിബിആർ) ആഭിമുഖ്യത്തിൽ മെറ്റാബോളിക് ഡിസോഡേഴ്സ്, നാഡീസംബന്ധമായ രോഗങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണ പരിപാടിയും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. എഎൻആർഎഫ്-പെയർ പദ്ധതിയുടെ ഭാഗമായി തലപ്പാടിയിലെ ഐയുസിബിആർ ക്യാമ്പസിൽ നടന്ന പരിപാടിയിൽ 90ലധികം പേർ പങ്കെടുത്തു.

പുതുപ്പള്ളി എംഎൽഎ അഡ്വ. ചാണ്ടി ഉമ്മൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഗവേഷണരംഗത്ത് ഐയുസിബിആർ മികവ് പുലർത്തുന്നതായും സ്ഥാപനത്തെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ തന്റെ ഭാഗത്തുനിന്ന് സാധ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ഗിരീഷ് കുമാർ ജി.എസ്. അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. തോമസ് കുരുവിള പ്രത്യേക പ്രഭാഷണം നടത്തി.

കോട്ടയം ജനറൽ ആശുപത്രിയിലെ ന്യൂറോളജിസ്റ്റ് ഡോ. രാജി കൃഷ്ണ, കോട്ടയം ഡി.ഇ.ഐ.സിയിലെ ഡെവലപ്മെന്റൽ ന്യൂറോളജിസ്റ്റ് ഡോ. സുജ പി., കോട്ടയം ജില്ലാ ആയുഷ് പ്രോഗ്രാം മാനേജർ ഡോ. ജൂവൽ ജോസ് എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിച്ചു.

സൗജന്യ ഫൈബ്രോസ്കാൻ പരിശോധന, രക്തപരിശോധനകൾ, കുറഞ്ഞ ചെലവിലുള്ള അൽഷിമേഴ്സ് രക്ത ബയോമാർക്കർ പരിശോധന എന്നിവ ക്യാമ്പിന്റെ ഭാഗമായി നടത്തി. ഓട്ടിസം, അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ നാഡീവ്യവസ്ഥാ രോഗങ്ങൾ, ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ മെറ്റാബോളിക് ഡിസോഡേഴ്സ് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണവും സമഗ്ര വയോജനാരോഗ്യ ചർച്ചയും പരിപാടിയുടെ ഭാഗമായിരുന്നു. രോഗങ്ങളെ തിരിച്ചറിയുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതും സംബന്ധിച്ച അവബോധത്തിനും പരിപാടിയിൽ പ്രാധാന്യം നൽകി.

ഐയുസിബിആർ ഡയറക്ടർ പ്രോഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. സ്വാഗതം ആശംസിച്ച ചടങ്ങിൽ പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതാകുമാരി സലിമോൻ ആശംസകൾ അർപ്പിച്ചു. ഐയുസിബിആർ സീനിയർ സയന്റിസ്റ്റ് ഡോ. രാജേഷ് ഷേണായി നന്ദി പറഞ്ഞു.

ഫോട്ടോ ക്യാപ്ഷൻ: പുതുപ്പള്ളി എംഎൽഎ അഡ്വ. ചാണ്ടി ഉമ്മൻ പരിപാടി ഉദ്ഘാടനം ചെയ്യുന്നു.

പി.ആർ.ഒ/973/2026

രാഷ്ട്രീയ ഏകതാ ദിനം ആചരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ രാഷ്ട്രീയ ഏകതാ ദിനം ആചരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ചേർന്ന യോഗത്തിൽ ഫിനാൻസ് ഓഫീസർ ബിജു മാത്യു പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പരീക്ഷാ കൺട്രോളറുടെ ചുമതലയുള്ള പ്രൊഫസറായ ഡോ. സജ്ന ജലീൽ, സർവകലാശാലാ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: ഫിനാൻസ് ഓഫീസർ ബിജു മാത്യു പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

പി.ആർ.ഒ/974/2026

സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നവംബർ 3-ന്

മഹാത്മാഗാന്ധി സർവകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനും ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ നവംബർ 3ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ (ഏട്ടുക്കെട്ട്) സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. സർവകലാശാലയിലെ ജീവനക്കാർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി നടത്തുന്ന ഈ ക്യാമ്പിൽ ആയുർവേദ വിദഗ്ധരുടെ സേവനം, ആരോഗ്യപരിശോധന, ആരോഗ്യബോധവൽക്കരണ പരിപാടികൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

പി.ആർ.ഒ/975/2026

പരീക്ഷാഫലം

ആറാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020–2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/976/2026

അപേക്ഷാതീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 7 വരെ നീട്ടി.

പി.ആർ.ഒ/977/2026

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ (സിബിസിഎസ്) (2020–2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ (സിബിസിഎസ്) ബിഎസ്.സി സൈബർ ഫോറൻസിക് (2020–2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 1 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം (സിബിസിഎസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020–2024 അഡ്മിഷൻ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 1 മുതൽ നടക്കും.

പി.ആർ.ഒ/978/2026

പരീക്ഷക്ക് അപേക്ഷിക്കാം

എഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എ ഇംഗ്ലീഷ്, ഇൻറഗ്രേറ്റഡ് എം.എസ്.സി ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് –ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിങ്, കമ്പ്യൂട്ടർ സയൻസ് –ഡാറ്റ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020–2022 അഡ്മിഷനുകൾ സപ്ലിമെൻററി) നവംബർ 2026 പരീക്ഷകൾക്ക് ഫൈൻ കൂടാതെ നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 18 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ –ലേണിംഗ് ഡിസെബിലിറ്റി/ ഇൻറലക്ച്വൽ ഡിസെബിലിറ്റി (സിഎസ്എസ്) (2026 അഡ്മിഷൻ റഗുലർ, 2024, 2025 അഡ്മിഷനുകൾ സപ്ലിമെൻററി, 2023 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2022 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2021 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഫൈൻ കൂടാതെ നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 18 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/979/2026

പബ്ലിക് റിലേഷൻസ് ഓഫീസർ